പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 196 30-11-2015 - ൽ മറുപടിയ്ക്ക്

**അർത്തുങ്കൽ ഫിഷിംഗ് ഹാർബർ**

ചോദ്യം ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.പി.തിലോത്തമൻ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി** |
| എ) | അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ ഈ സർക്കാരിന്റെ കാലയളവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അർത്തുങ്കൽ ഫിഷിംഗ് ഹാർബർ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4939 ലക്ഷം രൂപയുടെ ഭര ണാനുമതി ലഭിച്ചിട്ടുള്ളതും, തുടർന്ന് 4500 ലക്ഷം രൂപയ്ക്ക് പുലിമുട്ടുകളുടെ നിർമ്മാണം വാർഫ്, ഓക്ഷൻ ഹാൾ, അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയാ, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയാ എന്നീ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാങ്കേതികാനുമതി നൽകി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. സൗത്ത് ബ്രേക്ക് വാട്ടർ നിർമ്മാണം ചെയിനേജ് 140 മീറ്റർ മുതൽ ചെയിനേജ് 370 മീറ്റർ വരെയും, നോർത്ത് ബ്രേക്ക് വാട്ടർനിർമ്മാണം ചെയിനേജ് 140 മീറ്റർ മുതൽ ചെയി നേജ് 290 മീറ്റർ വരെയും പൂർത്തീകരിച്ചിട്ടു ണ്ട്. |
| ബി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബർ നിർമ്മാണ പൂർത്തീകരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുക എത്രയാണെന്നും ഇതിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ ; | ബി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ ത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ 3128.15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2132.87 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടു ണ്ട്. ടി പദ്ധതിക്കായി കേന്ദ്രവിഹിതമായി 1050 ലക്ഷം രൂപ ലഭിച്ചിട്ടു ണ്ട്. |
| സി) | ഹാർബറിന്റെ നിർമ്മാണത്തിന് നേരിട്ടിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | സി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാം ഘട്ട വികസന പ്രവൃത്തികളിലെ പ്രധാന ഘടകമായ പുലി മുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു |

| | | | |
|---|---|---|---|
| | | | വരവേ പുലിമുട്ടുകളുടെ അലൈൻമെന്റിൽ അപ്രതീക്ഷിതമായ സിങ്കേജുകൾ കാണപ്പെട്ടതിനെ തുടർന്ന് 25/10/14 മുതൽ പ്രവൃത്തി നിർത്തി വെച്ചിരിക്കുകയായിരുന്നു. മാതൃകാ പഠനം നടത്തിയ ഐ.ഐ.റ്റി. ചെന്നൈയിലെ വിദഗ്ധരുടെ ടെക്ക്നിക്കൽ സൊല്യൂഷന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ 13/10/15 ൽ പുനരാരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 13/11/15 ൽ തെക്കേ പുലിമുട്ടിലുണ്ടായ സിങ്കേജ് മൂലം പ്രവൃത്തി നിർത്തിവെച്ചിരിക്കുകയാണ്. ചീഫ് ടെക്ക്നിക്കൽ എക്സാമിനറുടെ മറുപടി ലഭ്യമായാലുടൻ പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. |
| ഡി) | നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ